## കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.4185

16.12.2014-ൽ മറുപടിയ്ക്ക്

### പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. നിലവിലുള്ള സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(സി) ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിച്ചിട്ടില്ല; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ഡി) ഉൽപാദനം ആരംഭിക്കാത്ത സ്ഥാപനങ്ങളിൽ തടസ്സങ്ങൾ നീക്കി ഉൽപാദനം ആരംഭിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | <u>(ബി) യും (സി) യും ഡി യും</u><br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ ഒൻപത് യൂണിറ്റുകളാണ് അനുവദിക്കപ്പെട്ടത്. ഇവ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഇവയിൽ 6 സ്ഥാപനങ്ങളിലാണ് വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചത്.<br><br>വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള<br>1. ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽ |

2. കണ്ണൂർ ജില്ലയിലെ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ

3. കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റൈൽ മിൽ.

പദ്ധതി തുടങ്ങുന്നതിനാവശ്യമായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി, വൈദ്യുതി കണക്ഷന്റെ ലഭ്യത മുതലായവയിലെ സാങ്കേതികതകൾ, പൂർണ്ണതോതിൽ ഉൽപാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ചില യന്ത്രസാമഗ്രികളുടെ അപര്യാപ്തത എന്നിവയാണ് പ്രധാനമായും ഈ മൂന്നു പദ്ധതികളിലും വ്യാവസായിക ഉൽപ്പാദനംആരംഭിക്കുന്നതിനുണ്ടായ കാലതാമസം. ഇതോടൊപ്പം തന്നെ ഈ മൂന്നു പദ്ധതികളിലേക്കാവശ്യമായ തൊഴിലാളികളേയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമനപ്രക്രിയയുടെ നിയമ സാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കേസുകൾ ബഹു.കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ കോമളപുരം സ്പിന്നിംഗ് മിൽ ഏറ്റെടുക്കൽ നടപടിക്കെതിരെയും ഒരു കേസ് ബഹു.കേരളാ ഹൈക്കോടതിയിൽ നിലവിലുണ്ട്. ഇതെല്ലാം വ്യാവസായികോൽപ്പാദനം നീണ്ടുപോകുവാൻ കാരണമായിട്ടുണ്ട്. നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി ഇവയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നത്.

വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ച യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

**<u>1.Tool room cum Training Centre, Kozhikode - Kerala SIDCO</u>** – ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിന്റെ ബിസിനസ്സ്

ശക്തിപ്പെടുത്തുന്നതിനായി ഐ.എസ്.ആർ.ഒ., ബ്രഹ്മോസ് എന്നീ സ്ഥാപനങ്ങളുമായി ഒരു റേറ്റ് കോൺട്രാക്റ്റ് സിഡ്കോ ഒപ്പുവച്ചിരുന്നു. സ്വകാര്യ ബിസിനസ്സ് സ്ഥാപനങ്ങളുടെ സേവനത്തിലൂടെയും ഈ യൂണിറ്റ് വരുമാനം നേടുന്നുണ്ട്. 2011-12 ൽ 0.5ലക്ഷം രൂപയായിരുന്ന കമ്പനിയുടെ വിറ്റുവരവ് 2014-15 നവംബർ മാസം വരെ 101.54 ലക്ഷം രൂപയായി വ ർ ദ്ധിച്ചു.

**2.Tool room cum Training Centre, Kuttippuram – KSEDC -**

കെൽട്രോൺ ടൂൾ റും കം ട്രെയിനിംഗ് സെൻറർ കുറ്റിപ്പുറത്ത് വ്യാവസായികാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങിയത് 2012 സെപ്റ്റംബർ മുതലാണ് എൻ.ടി.ടി.എഫുമായി ചേർന്ന് ഉന്നത നിലവാരമുള്ള സാങ്കേതിക കോഴ്സുകളും അവയുടെ പരിശീലനവും ഒപ്പം നിർമ്മാണവും നടത്തി വരുന്നു. ആദ്യ ടൂൾ ആൻറ് ഡൈ മേക്കിംഗ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് മികച്ച പ്ലേസ്മെൻറിനുള്ള അവസരവും ല ഭ്യ മായിട്ടുണ്ട്.

**3.House Wiring cable Unit, Kannur – TRACO** – 2012 ആഗസ്റ്റിലാണ് ഈ യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുകയും വിപണനം നടത്തുകയും ചെയ്തത്. ഈ യൂണിറ്റിന്റെ പുരോഗതി ട്രാക്കോയുടെ പ്രവർത്തന പുരോഗതിക്കൊപ്പം വിലയിരുത്താറുണ്ട്. ഈ യൂണിറ്റിന്റെ ഉൽപ്പാദനം വ ർ ദ്ധിപ്പിക്കുന്നതിനായി 2012 ൽ 2 കോടി രൂപയും 2013 ൽ 3.15 കോടി രൂപയും പ്രവർത്തന മൂലധനമായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

**4. Machining Unit, Shornur – SIFL** - ഈ യൂണിറ്റിൽ പൂർണ്ണതോതിലുള്ള വ്യാവസായിക

4

ഉൽപ്പാദനം 2012-13 സാമ്പത്തികവർഷത്തിന്റെ അവസാനഘട്ടത്തിലാണ് ആരംഭിച്ചത്. പ്രാരംഭ ദിശയിൽ ലക്ഷ്യമിട്ട രീതിയിൽ പ്രവർത്തനം നടത്താൻ സാധിച്ചില്ലെങ്കിലും ഈ സാമ്പത്തിക വർഷത്തോടുകൂടി പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

**5. Hi-Tech Bamboo Tile Factory, Kozhikode – KSBC** – 2011 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ച ഈ യൂണിറ്റിന് ഉദ്ദേശിച്ച രീതിയിൽ ഉൽപ്പാദനം നടത്താനും വിപണി കണ്ടെത്താനും വിപണന ശൃംഖല ശക്തിപ്പെടുത്താനും കഴിഞ്ഞിരുന്നില്ല. ബാംബൂ കോർപ്പറേഷനോടൊപ്പം ഈ യൂണിറ്റിന്റെ പ്രവർത്തനവും വിലയിരുത്തി സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട്.

**6. Container Freight Station, Ernakulam – KSIE** – 2013 മെയ് മാസത്തിൽ വ്യാവസായിക പ്രവർത്തനം ആരംഭിച്ചു. 2013-14 സാമ്പത്തികവർഷം 7588 കണ്ടെയ്നേഴ്സ് കൈകാര്യം ചെയ്ത് 216.58 ലക്ഷം രൂപ വിറ്റുവരവ് നേടുകയും 0.79 ലക്ഷം രൂപയുടെ പ്രവർത്തന ലാഭം നേടുകയും ചെയ്തു.

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം

***I. Green Field Projects***

| Sl. No. | Company | Units / Projects |
|---|---|---|
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, **Alappuzha** – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Mill, **Kannur** –KSTC |
| 3 | Kerala State Textile Corporation Ltd | Uduma Textile Mill, **Kasargode** – KSTC |
| 4 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 5 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 6 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 7 | Steel and Industrial Forgings ltd | Machining Unit, **Shornur** – SIFL |
| 8 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |
| 9 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |